സ്വകാര്യമാനേജ്മെൻറുകൾ നടത്തുന്ന സ്കൂളുകൾ.

*920 [58] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്വകാര്യമാനേജ്മെൻറുകൾ നടത്തുന്ന ഏതെങ്കിലും സ്കൂളുകൾ ഗവണ്മെൻറ് ഏറ്റെടുത്തു നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 1954-55 സാമ്പത്തികവർഷത്തിൽ നിവേദനങ്ങൾ കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) മുകുന്ദപുരം താലൂക്കിൽ കൊടകര ഹൈസ്കൂളിൻറെ ഏറ്റെടുക്കൽ കാര്യത്തിൽ ഗവണ്മെൻറ് എന്താണ് ചെയ്തിരിക്കുന്നത്;

(സി) ഇക്കാര്യത്തിൽ ഗവണ്മെൻറിൻറെ നയമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി., സി). ഈ കാര്യം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണ്.

വ്യാവസായിക കാർഷിക വായ്പകൾ.

*921. [59] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക കാർഷിക വായ്പകൾ നൽകുവാൻ ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ലോൺ കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾ രജിസ്ട്രേഷൻ.

*922. [62] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം ജായിൻറ് ഡയറക്ടറിൽ നിന്നും നൽകിക്കൊണ്ട് ഗവണ്മെൻറ് എന്നാണ് ഉത്തരവു പുറപ്പെടുവിച്ചത് ;

(ബി) അതു സംബന്ധിച്ച നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസ്താവം ചെയ്തത് എന്നാണ് ;

(സി) അധികാരം നൽകിയതിനു ശേഷം രജിസ്ട്രേഷനു് എത്ര സംഘങ്ങൾ അപേക്ഷിച്ചിട്ടുണ്ട്.

(ഡി) അതിൽ എത്രയെണ്ണം രജിസ്റ്റർചെയ്തു ;

(ഇ) രജിസ്റ്റർ ചെയ്യുന്നതിനു കാലതാമസം നേരിടുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly